LIBRARY ARCHIVES Kerala Legislative Assembly

പോലീസിൽ ഗവേഷണത്തിനും വികസനത്തിനുമായി പ്രത്യേക ടീം

155 (4490) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിൽ ഗവേഷണത്തിനും വികസനത്തിനുമായി പ്രത്യേക ടീമുകൾ രൂപവൽക്കരിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് വിശദമാക്കുമോ ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർ ദിനംപ്രതി നിരവധി വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുന്നുണ്ട്. ഇത്തരം വിഷയങ്ങളിൽ അതീവ വൈദഗ്ധ്യം നേടുന്നതിലൂടെ കൂടുതൽ പുരോഗമനപരമായ ആശയങ്ങളും നടപടികളും ഉപയോഗത്തിൽ വരുത്തി സമൂഹത്തിന് ഉപയോഗപ്രദമായ രീതിയിലുള്ള സേവനം നൽകാൻ കഴിയുന്നതാണ്.

(സി) സംസ്ഥാന പോലീസ് സേനയിൽ ക്യാമ്പ് ഫോളോവേഴ്സ് മുതൽ എ.ഡി.ജി.പി വരയുള്ള ഉദ്യോഗസ്ഥർക്ക് സ്വമേധയാ ഇത്തരം ടീമിൽ ചേർന്ന് ആശയങ്ങൾ സമർപ്പിക്കാവുന്നതാണ്.

(ഡി) ഇതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സംസ്ഥാന പോലീസ് മേധാവി വിശദമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.